"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുഭരണ വകുപ്പ് - ധനകാര്യ വകുപ്പിലെ പട്ടികജാതി / പട്ടികവർഗ്ഗ പ്രാതിനിധ്യം - 01/01/2023 അടിസ്ഥാനമാക്കിയുള്ള വാർഷിക അവലോകനം - 'പ്രത്യേക നിയമനത്തിന് അനുവാദം നൽകി' ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

പൊതുഭരണ (എംപ്ലോയ്മെന്റ് സെൽ - എ) വകുപ്പ്

സ.ഉ.(കൈ) നം.78/2024/GAD തീയതി,തിരുവനന്തപുരം, 18-07-2024

---

പരാമർശം:- 1. 25/08/2022-ലെ സ.ഉ.(കൈ) നം.181/2022/GAD

2. ധനകാര്യ വകുപ്പിന്റെ 04/03/2024-ലെ ഭരണം-സി3/8/2024-ധന(2666052), 28/06/2024 -ലെ 276499 ഭരണം- സി3/27/2024-ധന നമ്പർ അനൗദ്യോഗിക കുറിപ്പുകൾ.

**ഉത്തരവ്**

പരാമർശം 2-ലെ റിപ്പോർട്ടുകൾ പ്രകാരം ധനകാര്യ വകുപ്പിലെ പട്ടികജാതി / പട്ടികവർഗ്ഗ പ്രാതിനിധ്യം 01/01/2023 അടിസ്ഥാനമാക്കി വാർഷിക അവലോകനം നടത്തിയതിൽ പട്ടികവർഗ്ഗ വിഭാഗത്തിന് നോൺ ഗസറ്റഡ് കാറ്റഗറിയിൽ മതിയായ പ്രാതിനിധ്യം ഇല്ല എന്ന് കണ്ടെത്തിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ 01/01/2023 അടിസ്ഥാനമാക്കിയുള്ള വർഷം ധനകാര്യ വകുപ്പിലെ പട്ടികവർഗ്ഗ വിഭാഗത്തിന്റെ പ്രാതിനിധ്യ കുറവ് പരിഹരിക്കുവാൻ നോൺ ഗസറ്റഡ് കാറ്റഗറിയിൽ പട്ടികവർഗ്ഗ വിഭാഗത്തിനായി താഴെ പറയും പ്രകാരം തസ്തിക സംവരണം ചെയ്ത് പ്രത്യേക നിയമനത്തിനായി ഉത്തരവ് പുറപ്പെടുവിക്കുന്നു.

| കാറ്റഗറി | തസ്തികയുടെ പേരും ശമ്പളസ്കെയിലും | തസ്തികകളുടെ എണ്ണവും വിഭാഗവും |
|---|---|---|
| **നോൺ-ഗസറ്റഡ്** | **കമ്പ്യൂട്ടർ അസിസ്റ്റന്റ്**<br>27,900 - 63,700 | (1) പട്ടികവർഗ്ഗ വിഭാഗം മാത്രം |

2. മുൻ വർഷങ്ങളിൽ സംവരണം ചെയ്ത് ഉത്തരവായതും, എന്നാൽ നാളിതുവരെ നികത്താത്തതുമായ തസ്തികകൾ നിലവിലുണ്ടെങ്കിൽ അവ ഉൾപ്പെടെ മുകളിൽ പരാമർശിച്ച

തസ്തികകളിലേയ്ക്ക് അടിയന്തരമായി നിയമനം നടത്തുവാൻ വേണ്ട നടപടികൾ ധനകാര്യ വകുപ്പ് സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ദിലീപ്.സി.ഡി
അഡീഷണൽ സെക്രട്ടറി

സെക്രട്ടറി, കേരള പബ്ലിക് സർവീസ് കമ്മീഷൻ, പട്ടം, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള, തിരുവനന്തപുരം

ധനകാര്യ വകുപ്പ്

വിവര - പൊതുജന സമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ)

പൊതുഭരണ ( ഇ-അഡ്മിനിസ്ട്രേഷൻ) വകുപ്പ് (പൊതുഭരണ വകുപ്പിന്റെ വെബ് സൈറ്റിൽ പ്രസിദ്ധീകരണത്തിന്)

പൊതുഭരണ (എംപ്ലോയ്മെന്റ് സെൽ ബി / എ2 സീറ്റ്) വകുപ്പ്

കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Praveen Kumar S
Date: 18-07-2024 12:13:54
സെക്ഷൻ ഓഫീസർ

പകർപ്പ് : ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക് (അറിവിലേക്കായി)